## പതിനാലാം കേരള നിയമസഭ
## പത്തൊൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
നിയമസഭാ ചോദ്യം നം. 174 — 10.03.2020- ൽ മറുപടിയ്ക്ക്

# തടവുകാരുടെ സ്വഭാവ പരിവർത്തനവും പുനരധിവാസവും

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. കെ.വി. അബ്ദുൾഖാദർ<br>ശ്രീ. റ്റി.വി. രാജേഷ്<br>ശ്രീ. എം. രാജഗോപാലൻ<br>ശ്രീ. കെ. ആൻസലൻ | | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | ജയിലുകളിലെ തടവുകാരുടെ സ്വഭാവപരിവർത്തനവും പുനരധിവാസവും ലക്ഷ്യമാക്കി ഈ സർക്കാർ നടപ്പിലാക്കി വരുന്ന കർമ്മപദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ ; | (എ) | അന്തേവാസികളുടെ സ്വഭാവ പരിവർത്തനവും പുനരധിവാസവും ലക്ഷ്യം വച്ച് ജയിൽ മോചിതരാകുമ്പോൾ വിവിധ തൊഴിലുകളിൽ ഏർപ്പെട്ട് ജീവസന്ധാരണത്തിനുള്ള മാർഗ്ഗം കണ്ടെത്തുവാനും സമൂഹത്തിലെ ഉത്തമ പൗരന്മാരായി ജീവിക്കുന്നതിനുള്ള സാഹചര്യം ഒരുക്കുന്നതിനുംവേണ്ടി എല്ലാ വർഷവും തടവുകാരുടെ ക്ഷേമം പദ്ധതിയിൽ വിവിധ തൊഴിൽ പരിശീലന പരിപാടികൾക്കുപുറമേ, കൗൺസിലിംഗ് പരിപാടികൾ, കലാകായിക വിനോദങ്ങൾ, വിവിധ സാംസ്കാരിക പരിപാടികൾ എന്നിവയും സംഘടിപ്പിക്കാറുണ്ട്.ജയിലുകളിൽ ടെലിവിഷൻ, ന്യൂസ് പേപ്പറുകൾ, പ്രൊജക്ടറുകൾ, ലൈബ്രറി എന്നീ സംവിധാനങ്ങൾ ലഭ്യമാണ്. |
| (ബി) | അന്തേവാസികളിൽ കുറ്റവാസന ഇല്ലാതാക്കി അവരിൽ മാനുഷിക മൂല്യങ്ങൾ വളർത്തിയെടുക്കാൻ പര്യാപ്തമായ സമീപന രീതികൾ ജയിലുകളിൽ അവലംബിക്കാൻ എന്തെല്ലാം നിർദ്ദേശങ്ങളാണ് നൽകിയിട്ടുള്ളത്; | (ബി) | തടവുകാരുടെ ക്ഷേമം വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ഗവൺമെന്റ് അംഗീകൃത ഏജൻസികൾ മുഖേന വിവിധ തൊഴിൽ പരിശീലന പരിപാടികൾ നടപ്പിലാക്കി വരുന്നു. പരിശീലന പരിപാടികൾ ജയിൽ മോചിതരായ അന്തേവാസികൾക്ക് വരുമാനം ലഭിക്കുന്നതിനും അതുവഴി സമൂഹത്തിൽ മാന്യമായ ജീവിതം നയിക്കുന്നതിനും സഹായകരമാകുന്നു. പരിശീലന പരിപാടികൾക്ക് പുറമെ സാന്മാർഗ്ഗീക ബോധനം, കൗൺസിലിംഗ് സെഷനുകൾ, സാക്ഷരതാ ക്ലാസ്സുകൾ, ഉന്നത വിദ്യാഭ്യാസത്തിനുള്ള സൗകര്യങ്ങൾ, തുല്യതാ ക്ലാസുകൾ, കമ്പ്യൂട്ടർ ക്ലാസുകൾ, ലൈബ്രറി, |

| | | | |
|---|---|---|---|
| | | | ടെലിവിഷൻ, എഫ്. എം റേഡിയോ വർഷംതോറുമുള്ള ജയിൽ ക്ഷേമ ദിനാഘോഷ പരിപാടികൾ എന്നിവയും മാനുഷിക മൂല്യങ്ങളെ പരിപോഷിപ്പിക്കുന്നതിന് പര്യാപ്തമാണ്. ജയിൽ വകുപ്പിന്റെ പൊതുജന ശ്രദ്ധ പിടിച്ചുപറ്റിയ ഫ്രീഡം ഫുഡ് ഫാക്ടറിയെന്ന പദ്ധതി പൊതുസമൂഹത്തിന്റെ സേവനാർത്ഥം തടവുകാരുടെ മാനുഷിക വിഭവ ശേഷി ഉപയോഗിക്കുന്നതിലൂടെ സമൂഹത്തിന് തങ്ങളാൽ സാധിക്കുന്ന സേവനം ഉറപ്പുവരുത്തുന്ന അന്തേവാസികളുടെ മനോഭാവം വളർത്താൻ സാധിച്ചിട്ടുണ്ട്. |
| (സി) | തടവുകാർക്ക് വിദ്യാഭ്യാസത്തിനും വായനയ്ക്കും വിനോദത്തിനും ആവശ്യമായ എന്തെല്ലാം സൗകര്യങ്ങളാണ് ജയിലുകളിൽ ഒരുക്കിയിട്ടുള്ളത് ; | (സി) | അന്തേവാസികളുടെ വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിനായി സാക്ഷരതാ ക്ലാസ്സുകളും ഉയർന്ന വിദ്യാഭ്യാസത്തിനുള്ള സൗകര്യങ്ങളും സഹായങ്ങളും ജയിലുകളിൽ നൽകി വരുന്നു. ജയിൽ ജീവിതത്തിന്റെ മാനസിക സമ്മർദ്ദങ്ങൾ ഒഴിവാക്കുന്നതിന് വിനോദ കായിക പ്രവർത്തനങ്ങൾക്കുള്ള സൗകര്യങ്ങളും എല്ലാ ജയിലുകളിലും ലൈബ്രറികളും ഏർപ്പെടുത്തി വരുന്നു. വർത്തമാനപത്രങ്ങൾ, ആധുനിക മാസികകൾ, ടെലിവിഷനുകൾ, എഫ്.എം റേഡിയോ എന്നിവയും ജയിലുകളിൽ ലഭ്യമാണ്. ജയിലുകളിൽ കായികോപകരണങ്ങൾ വാങ്ങി വിതരണം ചെയ്യുകയും യോഗ, പി.ടി. മുതലായ വ്യായാമ മുറകളിൽ ഏർപ്പെടുവാൻ സൗകര്യം ഒരുക്കുകയും ചെയ്തിട്ടുണ്ട്. തടവുകാരുടെ വിനോദത്തിനായി എല്ലാ വർഷവും ജയിൽ ക്ഷേമ ദിനാഘോഷം സംഘടിപ്പിച്ചുവരുന്നു. ഇതിന്റെ ഭാഗമായി ജയിൽ അന്തേവാസികളുടെ കലാ കായിക മത്സരങ്ങളും കലാ സാംസ്കാരിക പരിപാടികളും സംഘടിപ്പിക്കാറുണ്ട്. |
| (ഡി) | തടവുകാർക്ക് കുടുംബ, സാമൂഹ്യ ബന്ധങ്ങൾ നിലനിർത്തുന്നതിനും അടിയന്തര സന്ദർഭങ്ങളിൽ കുടുംബാംഗങ്ങളുമായി ബന്ധപ്പെടുന്നതിനും എന്തെല്ലാം ക്രമീകരണങ്ങളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ ? | (ഡി) | ശിക്ഷാ തടവുകാർക്ക് അവരുടെ കുടുംബവും സമൂഹവുമായി നല്ലബന്ധം നിലനിർത്തുന്നതിന് ചട്ടങ്ങളിലെ വ്യവസ്ഥകൾ അനുസരിച്ച് വിവിധ തരത്തിലുള്ള അവധികൾ നൽകി വരുന്നുണ്ട്. അടിയന്തിര സന്ദർഭങ്ങളിൽ കുടുംബാംഗങ്ങളുമായി ബന്ധപ്പെടുന്നതിന് അടിയന്തിര അവധികൾ അനുവദിക്കാറുണ്ട്. അതുപോലെ ജയിലിലെ നല്ല സ്വഭാവത്തിന് ഏൽപ്പിക്കുന്ന ജോലി കൃത്യമായി |

| | | | |
|---|---|---|---|
| | | | നിർവ്വഹിക്കുന്നതിന് ശിക്ഷാ ഇളവും നിയമാനുസൃതം നൽകി വരുന്നുണ്ട്. അന്തേവാസികൾക്ക് കുടുംബാംഗങ്ങളും, ബന്ധുക്കളുമായി ആശയവിനിമയം നടത്തുന്നതിന് കത്ത്, ടെലഫോൺ സൗകര്യങ്ങൾ, നിയമാനുസൃതമായ കൂടിക്കാഴ്ചകൾ എന്നിവ അനുവദനീയമാണ്. |

സെക്ഷൻ ഓഫീസർ